**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T*167** **22.01.2014 ൽ മറുപടിയ്ക്ക്**

**<u>നെയ്യാർ നദീജലത്തിൽ തമിഴ്നാടിന്റെ അവകാശ വാദം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ**<br>**ശ്രീ. പി.കെ.ഗുരുദാസൻ** | **ശ്രീ.ഉമ്മൻ ചാണ്ടി**<br><br>**മുഖ്യമന്ത്രി** |
| (എ) നെയ്യാർ നദിയിലെ ജലത്തിൽ അവകാശമുന്നയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; | (എ) നെയ്യാർ നദിയിലെ ജലത്തിൽ അവകാശം ഉന്നയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.<br>കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്(അനുബന്ധം ഒന്നു മുതൽ അനുബന്ധം ആറു വരെ) |
| (ബി) ഈ പ്രശ്നത്തിൽ സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരമുള്ള ; പരിഗണനാവിഷയങ്ങൾ കോടതിയെ അറിയിച്ചിരുന്നുവോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം ഈ പ്രശ്നത്തിലുള്ള പരിഗണനാവിഷയങ്ങൾ ബഹു. കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>നെയ്യാർ നദിയിലെ ജലത്തിൽ അവകാശം ഉന്നയിക്കാൻ തമിഴ്നാട് സർക്കാർ ഉയർത്തിക്കാട്ടിയിട്ടുള്ള വിവിധ കാരണങ്ങളും വാദങ്ങളും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി വിലയിരുത്താനും പ്രസ്തുത അവകാശവാദത്തിന്റെ നിയമസാധുത സമഗ്രമായി പരിശോധിക്കുന്നതിനും സഹായകരമായ പരിഗണനാവിഷയങ്ങളാണ് |

ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിലേക്കായി തയ്യാറാക്കിയിട്ടുള്ളത്. അപ്രകാരമുള്ള പരിഗണനാവിഷയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ഏഴായി ചേർത്തിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | (സി) നെയ്യാർ നദിയിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നതു സംബന്ധിച്ച് കേരള സർക്കാരിന്റെ നിലപാട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

1. 'കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ' ആക്ട് 2003 അനുസരിച്ച് 18.10.2006 ൽ കേരള നിയമസഭ പാസാക്കിയ റെസലൂഷൻ പ്രകാരം എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നെയ്യാറിൽ നിന്നും തമിഴ്നാടിന് ജലം നൽകുകയുള്ളു.

2. തമിഴ്നാടിന് നൽകുന്ന ജലത്തിന്റെ അളവും വിതരണരീതിയും നിർണയിക്കുന്നത് കേരളത്തിന്റെ ആവശ്യം പരിഗണിച്ചശേഷവും ജലത്തിന്റെ ലഭ്യത അനുസരിച്ചും; വിതരണ പട്ടികയുടെ അടിസ്ഥാനത്തിലുമായിരിക്കും.

3. നൽകുന്ന ജലത്തിന്റെ വിലയും, വിതരണത്തിനുള്ള ചെലവും; കാലാകാലങ്ങളിൽ കേരള സർക്കാർ നിശ്ചയിക്കുന്നതനുസരിച്ച് ഈടാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**